No. 55/Est/2017

ഭരണഭാഷ-മാതൃഭാഷ

ചീഫ് എൻജിനീയറുടെകാര്യാലയം
തദ്ദേശസ്വയംഭരണവകുപ്പ്
റവന്യൂകോംപ്ളക്സ്, മൂന്നാം നില
പബ്ലിക്ക്ആഫീസ് ബിൽഡിംഗ്,
തിരുവനന്തപുരം-33

Phone : 0471-2324951
0471-2325071
TeleFAX:0471-2324951
email: celsgd@gmail.com
website: www.celsgd.com

നം.ഡിബി3-5215/16/സിഇ/തസ്വഭവ

തീയതി : 09.05.2017

എഞ്ചിനീയറിംഗ് വിഭാഗം മേധാവികളുടെ ശ്രദ്ധയ്ക്ക്

# സർക്കുലർ

വിഷയം:- 2017-18 വർഷത്തെ ജനകീയാസൂത്രണ പദ്ധതി പുരോഗതി അവലോകനം - സംബന്ധിച്ച്

ജില്ലാ ആസൂത്രണ സമിതികളുടെ അംഗീകാരത്തിന് സമർപ്പിക്കപ്പെടാനുള്ള 2017-18 വർഷത്തെ പൊതുമരാമത്ത് പദ്ധതികൾ ഇതുവരെ തയ്യാറാക്കിയിട്ടില്ലായെന്ന് അറിയുന്നു. ഈ സാഹചര്യത്തിൽ 2017-18 വർഷത്തെ ജനകീയാസൂത്രണ പദ്ധതി പുരോഗതി അവലോകനം ചെയ്യുന്നതിനായി ഭരണസമിതി തീരുമാനം ലഭിച്ച പദ്ധതികളുടെ എണ്ണം, Sulekha Software മുഖാന്തിരം എസ്റ്റിമേറ്റ് തയ്യാറാക്കി പ്രോജക്ട് എൻട്രി നടത്തിയവയുടെ എണ്ണം, തുടർന്ന് സാങ്കേതികാനുമതി ലഭ്യമാക്കുന്നതുവരെയുള്ള ഘട്ടങ്ങളുടെ വിശദാംശങ്ങൾ ഓൺലൈനായി ദിവസേന ഈ ഓഫീസിൽ അറിയിക്കേണ്ടതാണ്.

www.celsgd.com എന്ന ഔദ്യോഗിക വെബ്സൈറ്റിലെ പ്രൊഫോർമ പേജിൽ ലഭ്യമാക്കിയിട്ടുള്ള, പ്രോജക്ട് റിവ്യൂ 2017 - 18 എന്ന ലിങ്ക് മുഖേന റിപ്പോർട്ട് സമർപ്പിക്കേണ്ട Google Sheet ലേയ്ക്ക് പ്രവേശിക്കാവുന്നതാണ്. പ്രസ്തുത Google Sheet – ൽ പ്രവേശിക്കുന്നതിന് അതാത് ഉദ്യോഗസ്ഥരുടെ ഔദ്യോഗിക gmail ID ഉപയോഗിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തുകളുടെ വിവരങ്ങൾ അതാത് ബ്ലോക്ക് പഞ്ചായത്തിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ തങ്ങളുടെ ഔദ്യോഗിക gmail ID ഉപയോഗിച്ച് രേഖപ്പെടുകയോ, ഗ്രാമ പഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർമാർക്ക് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ജിമെയിൽ ഐ.ഡി ഉപയോഗിച്ച് രേഖപ്പെടുത്തുവാനുള്ള സൗകര്യം ചെയ്തു കൊടുക്കുകയോ ചെയ്യേണ്ടതാണ്.

പദ്ധതികളുടെ പുരോഗതി സംബന്ധിച്ച വിവരങ്ങൾ സൂപ്രണ്ടിംഗ് എഞ്ചിനീയർമാർ, ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ, ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ, മുനിസിപ്പാലിറ്റി എഞ്ചിനീയറിംഗ് വിഭാഗം മേധാവികൾ എന്നിവർ ദിവസേന 3.00 p.m - ന് മുൻപായി പ്രസ്തുത ഷീറ്റിൽ രേഖപ്പെടുത്തേണ്ടതാണ്.

ചീഫ് എഞ്ചിനീയർ

**<u>Click the below link for accessing the google sheet</u>**

PROJECT DETAILS 2017-18 - Corporation, DPs, BPs, GPs (should be updated before 05:00PM on 09-05-2017)

PROJECT DETAILS 2017-18 - Municipalities (should be updated before 05:00PM on 09-05-2017)

PROJECT REVIEW 2017-18 - Daily report - Corporation, DPs, BPs, GPs

PROJECT REVIEW 2017-18 - Daily report - Municipalities